# ശോഭ ഡെവലപ്പേഴ്സിന്റെ ലക്ഷ്വറി വില്ല പ്രൊജക്ട് കോയമ്പത്തൂരിൽ പൂർത്തിയായി

കൊച്ചി: ശോഭ ഡെവലപ്പേഴ്സിന്റെ കോയമ്പത്തൂരിലെ ലക്ഷ്വറി വില്ല ശോഭ എമറാൾഡിന്റെ നിർമാണം പൂർത്തിയാക്കി. തമിഴ്നാട്ടിൽ നിർമാണം പൂർത്തിയാക്കുന്ന ആദ്യ പദ്ധതി കൂടിയാണ് എമറാൾഡ്. 2008 ലാണു തമിഴ്നാട്ടിലെ ഏറ്റവും വലിയ രണ്ടാമത്തെ നഗരമായ കോയമ്പത്തൂരിൽ എമറാൾഡിന്റെ നിർമാണം തുടങ്ങിയത്. ആർ എസ് പുരത്തിനു സമീപം തോണ്ടമതൂർ മെയിൻ റോഡിലെ ഹരിശ്രീ ഗാർഡൻസിലാണ് എമറാൾഡ്.

മികച്ച രീതിയിൽ ലാൻഡ്സ്കേപ്പ് ചെയ്ത 11.69 ഏക്കറിൽ 61 ലക്ഷ്വറി വില്ലകളാണ് എമറാൾഡിലുള്ളത്. 2700 ചതുരശ്ര അടി മുതൽ 3500 ചതുരശ്ര അടി വരെയുള്ള നാലു തരത്തിലുള്ള വില്ലകളിൽ 22 എണ്ണത്തിനു നാലു ബെഡ്റൂമുകളാണുള്ളത്. മൂന്നു ബെഡ്റൂമുകളുള്ള 39 വില്ലകളാണുള്ളത്. പ്രത്യേകം സ്റ്റഡി റൂമും എല്ലാ വില്ലകളിലുമുണ്ടാകും. 75 കോടിയാണു മുതൽ മുടക്ക്.

പറഞ്ഞ കാലയളവിനുള്ളിൽ തന്നെ നിർമാണം പൂർത്തിയാക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നു ശോഭ ഡെവലപ്പേഴ്സ് തമിഴ്നാട് റീജ്യണൽ ഡയറക്റ്റർ ടി പി സഞ്ജയ് സാരഥി പറഞ്ഞു. എമറാൾഡിലെ വില്ലകൾ ഇതിനകം വിറ്റു പോയതായും ചെന്നൈയിലും ഉടൻ കമ്പനി സാന്നിധ്യമറിയിക്കുമെന്നും അദ്ദേഹം പറഞ്ഞു. രാജ്യാന്തര നിലവാരം പാലിച്ചാണ് എമറാൾഡ് പൂർത്തിയാക്കിയതെന്നു ശോഭ ഡെവലപ്പേഴ്സ് മാനേജിങ് ഡയറക്റ്റർ ജെ സി ശർമ പറഞ്ഞു.